6

# സ്നാനവും "ജീവന്റെ പുതുക്കവും"

*"അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവ നോടുകൂടെ കുഴിച്ചിടപ്പെട്ടു ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമ യാൽ ജീവിച്ചെഴുന്നേറ്റതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ" (റോമർ 6:3, 4).*

റോമർ 6:1–7 മനസ്സിലാക്കുവാൻ, ഈ വാക്യങ്ങളിലേക്ക് നയിക്കുന്ന പൗലൊസിന്റെ ചിന്തകളെ നാം മനസ്സിലാക്കണം. ഒന്നു മുതൽ മൂന്നു വരെയുള്ള അദ്ധ്യായങ്ങളിൽ, ക്രിസ്തുവിനെ കൂടാതെയുള്ള യെഹൂദന്മാരുടെയും ജാതികളുടെയും അവസ്ഥയെക്കുറിച്ചാണ് വിവരിക്കുന്നത്.

ജാതികൾ സകലവിധ ദുഷ്ടതയിലും പാപത്തിലുമായിരുന്നു ജീവിച്ചിരുന്നതു, അവയിൽ അധികവും യെഹൂദന്മാർക്കു വെറുപ്പുളവാക്കി. അവർ വിഗ്രഹാരാധികളും, ലൈംഗികമായി അധാർമ്മികതയിലും, അനീതിയിലുമായിരുന്നു ജീവിച്ചിരുന്നത് (1:24–32).

യെഹൂദന്മാരും മെച്ചമായിരുന്നില്ല, അവരിൽ ചിലർ ഇവ പരിശീലിച്ചിരുന്നവർ ആയിരുന്നു (2:1). അവരുടെ ആത്മിയ ക്ഷേമ - ത്തിനു, അവർ പരിച്ഛേദനയിലും ന്യായപ്രമാണത്തിലും ആശ്രയിച്ചിരുന്നു (2:17, 25). കാപട്യത്താൽ ജീവിച്ചതുകൊണ്ടു, ന്യായപ്രമാണ നിലവാരമോ അല്ലെങ്കിൽ പരിച്ഛേദനയുടെ അർത്ഥമോ അവരിൽ ഇല്ലായിരുന്നു. ജാതികളെപോലെ, അവരും പാപികൾ ആയിരുന്നു (3:9, 10, 23).

അവരുടെ പ്രവൃത്തികൾ അവരെ രക്ഷിക്കുന്നതിനു പകരം, അവരുടെ പ്രവൃത്തികൾ അവരെ കുറ്റപ്പെടുത്തി (2:5–13). യെഹൂദന്മാർക്കോ ജാതികൾക്കോ അവരുടെ പ്രവൃത്തികളാൽ രക്ഷപ്രാപിപ്പാൻ കഴിഞ്ഞില്ല, കാരണം അവരെല്ലാം പാപികൾ ആയിരുന്നു (3:9, 10, 23) അവരെ അപൂർണ്ണ പ്രവൃത്തികളാൽ കാണപ്പെട്ടു. അവരുടെ പ്രവൃത്തികളിൽ ആശ്രയിക്കുന്നതിനു പകരം (4:1–8), അവർ ദുഷ്പ്രവൃത്തികളിൽ മുഴുകി, അവരിൽ വേണ്ടിയിരുന്നതു യേശുവിന്റെ പ്രവൃത്തി

യായിരുന്നു, അവനാണ് അവരുടെ രക്ഷക്കു ദൈവകൃപ സാധ്യമാക്കിയത് (5:1, 2).

ആ കൃപ ന്യായപ്രമാണം നല്കിയില്ല; മറിച്ച്, ന്യായപ്രമാണത്തിൻ കീഴിലുള്ളവരെ പാപത്തിൽ തന്നെയാക്കിയിരുന്നു (3:20; 5:20, 21). ജാതികളുടെയും സ്ഥിതി മെച്ചമായിരുന്നില്ല, കാരണം അവർ സ്വാഭാവിക നിരീക്ഷണത്താലും അനുഭവത്താലും അറിഞ്ഞ ദൈവേഷ്ട പരിജ്ഞാനത്തെ ലംഘിച്ചു പാപികളായി (1:21; 2:14, 15). യെഹൂദന്മാരും ജാതികളും അനീതി - യിലായിരുന്നു; അവരെല്ലാവരും തങ്ങൾ ജീവിച്ച നിലവാരത്തെ ലംഘിച്ചു. പാപമോചനം ലഭ്യമാകേണ്ടതിനു, ദൈവം - യേശു മുഖാന്തരം - നീതി കൊണ്ടുവരുവാൻ കൃപ നല്കി, അവരുടെ പാപങ്ങളും അകൃത്യങ്ങളും മറെക്കുവാൻ പാപമോചനവും, നീതീകരണവും കൊണ്ടുവന്നു (5:20, 21).

### "കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ?" (6:1)

പാപക്ഷമാപണം ലഭിച്ചവരുടെ മനസ്സിൽ ഒരു ചോദ്യം ഉയർന്നേക്കാം: "കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ?" (റോമർ 6:1). വിവാഹിതനായ നവ - വധുവിനോടു അവളുടെ അങ്കിൾ പറഞ്ഞു അവൾക്കും അവളുടെ ഭർത്താവിനും സാമ്പത്തിക കടം വരികയാണെങ്കിൽ, താൻ കൊടുത്തു തീർക്കാം എന്നു പറഞ്ഞതിനോടു ഇതിനെ താരതമ്യം ചെയ്യാം. അവൾ അതു അവളുടെ ഭർത്താവിനോടു പറഞ്ഞു, അവർ തങ്ങൾക്കു സാമ്പത്തിക വിചാരം ഉണ്ടാവുകയില്ല എന്നുറപ്പിച്ചു, എന്നാൽ അവർ തങ്ങളുടെ സമ്പാദ്യമെല്ലാം ധൂർത്തായി ചെലവഴിച്ചു. അവർക്കു താങ്ങാനാവാത്ത - വിലകൂടിയ കാർ, പുതിയ വീട്, വില കൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും വാങ്ങി കൂട്ടി. ധനികനായ അങ്കിളിന് കൊടുത്തുതീർക്കുവാൻ വലിയ ബാധ്യത വരുത്തി, എങ്കിലും അവർ അയാളുടെ ഉദ്ദേശത്തെയും ഔദാര്യത്തെയും ശരിയല്ലാത്ത രീതിയിൽ മുതലെടുക്കുകയായിരുന്നു.

അതുപോലെ, നമ്മുടെ പാപങ്ങളെ മറെക്കുവാൻ ദൈവം കൃപ വാഗ്ദാനം ചെയ്തിട്ടുണ്ട്, എന്നാൽ അതു പാപസംബന്ധമായ ജീവിതം നയിക്കുവാൻ ഉദ്ദേശിച്ചതല്ല. അതല്ല കൃപയുടെ ഉദ്ദേശം. സ്നാനത്തിൽ ശരിയായ ആത്മിയ ഉൾപ്പെടൽ നടന്നാൽ, പുതിയ സൃഷ്ടിയാകുമെന്നാണ് പൗലൊസ് പഠിപ്പിച്ചത്. ക്രിസ്ത്യാനി യേശുവിനു വേണ്ടി പുതിയ ജീവിതം നയിക്കുവാൻ സമർപ്പിക്കപ്പെടണം; കൃപയിൽ ആശ്രയിക്കാവുന്നതു കൊണ്ടു അയാൾ പാപത്തിൽ തുടരാവുന്നതല്ല.

### "മരണത്തിൽ പങ്കാളികളാകുവാനുള്ള സ്നാനം" (6:3, 4)

#### സ്നാനവും ജീവന്റെ പുതുക്കവും

പൗലൊസ് സ്നാനത്തെ എടുത്തു കൃപയെ തെറ്റായി ഉപയോഗിക്കുന്നതിനെതിരെ പൗലൊസ് പറഞ്ഞതു അസാധാരണമായി ചിലർ

ചിന്തിച്ചേക്കാം (റോമർ 6:1–7). ആത്മിയ ബന്ധം ഇല്ലാതെ സ്നാനം ഒരു ചടങ്ങുമാത്രമാണെങ്കിൽ, പിന്നെ പാപജീവിതത്തിൽ നിന്നു സ്നാനത്തെ മാറ്റി നിർത്തുന്നതിനെ എതിർക്കുകയില്ല. എങ്ങനെയായാലും, സ്നാനത്തിൽ ആത്മിയ ബന്ധം ഉൾപ്പെടുന്നു എങ്കിൽ, ദൈവത്തോടുള്ള ഭൗതികമായ അനുസരണത്തേക്കാൾ ജീവിതമാറ്റ അനുഭവം വരണം, അപ്പോൾ പൗലൊസ് പറയുന്ന സ്നാനശേഷം ജീവന്റെ പുതുക്കം ആവശ്യമാണെന്നതു വിലയുള്ളതാകുന്നു – അതങ്ങനെ തന്നെ ആയിരുന്നു.

സ്നാനത്തിൽ നാം യേശുവിനോടു അവന്റെ മരണത്തിൽ പങ്കാളിയായി ബന്ധപ്പെടുന്നു (റോമർ 6:3). യേശു, തന്റെ ക്രൂശിലെ മരണത്താൽ, തന്റെ ഭൗതിക ജീവൻ വിട്ടു കളഞ്ഞു – അതു പുതുക്കമുള്ള ഭൗതിക ജീവിതത്തിനായിരുന്നു. ആത്മിയ അർത്ഥത്തിൽ സ്നാനം എന്ന പ്രവൃത്തി നടക്കുമ്പോൾ, നമ്മുടെ കഴിഞ്ഞ പാപ ജീവിതം അവസാനിപ്പിക്കയും ആത്മിയ ജീവിതം ആരംഭിക്കയും ചെയ്യും. പൗലൊസിന്റെ സൂചന എന്തെന്നാൽ പാപസംബന്ധമായ ശരീരത്തോടെ വെറുതെ വെള്ളത്തിൽ ഇറങ്ങുകയും പാപമുള്ള വ്യക്തിയായിത്തന്നെ പുറത്തുവരികയും ചെയ്യുന്നതിനുപകരം, നാം നമ്മുടെ പഴയ പാപസംബന്ധമായ ജീവിതത്തെ മരിപ്പിച്ചു പുതിയ ആത്മിയ ജീവിതത്തിലേക്കു പ്രവേശിക്കണം കാരണം നാം യേശുവിന്റെ മരണത്തിലും ഉയിർത്തെഴുന്നേല്പിലും ബന്ധപ്പെടുന്നു.

ഒരു ആലങ്കാരിക പ്രവൃത്തിയേക്കാൾ കൂടുതലായി പൗലൊസ് സ്നാനത്തെ കണ്ടു. ഡഗ്ളസ് മൂ എഴുതി,

> സ്നാനത്തിൽ ഉൾപ്പെട്ടിരിക്കുന്ന മുങ്ങലും നിമജ്ജനവും [അതായതു, വെള്ളത്തിൽ ഇറങ്ങുന്നതും, വെള്ളത്തിൽ നിന്നു കയറുന്നതും] – ആലങ്കാരിക പ്രാധാന്യമാണെന്നു – ആ ഭൗതികമായ – റോമർ 6 ലേതു [പുതിയ നിയമത്തിലോ] മറ്റെവിടെയെങ്കിലോ, പറയുന്നതായ ... ഒരു തെളിവുമില്ല. റോമർ 6 ലെ ഊന്നൽ, തീർച്ചയായും, സ്നാനം എന്ന *ചടങ്ങല്ല*, സ്നാനം എന്ന ലളിത *സംഭവമാണ്.*[1]

ആന്റേഴ്സ് നൈഗ്രെൻ യോജിക്കുന്നു:

> സ്നാനം ഏല്ക്കുന്ന ആൾ വെള്ളത്തിൽ മുങ്ങുമ്പോൾ ആ പ്രവൃത്തി “ക്രിസ്തുവിനോടു കൂടെ” അടക്കപ്പെടുകയും; വെള്ളത്തിൽ നിന്നു കയറുമ്പോൾ, “ക്രിസ്തുവിനോടുകൂടെ” ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു. അക്കാരണത്താൽ, പൗലൊസിന്റെ സ്നാനം എന്ന കാഴ്ച്ചപ്പാടിനെ പൊതുവിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് “ആലങ്കാരികം,” എന്നു കണക്കാക്കിയാൽ അതു തികച്ചും തെറ്റായ വ്യാഖ്യാനമാകും. പൗലൊസ് പറഞ്ഞതനുസരിച്ചു, സ്നാനത്തിൽ നടക്കുന്നതു യഥാർത്ഥമാണ്, അല്ലാതെ മറ്റൊന്നിനെ പ്രതിനിധീകരിക്കുന്ന അലങ്കാരപ്രയോഗമല്ല. സ്നാനത്തെ പ്രതിനിധീകരിച്ചിരിക്കുന്നതു യഥാർത്ഥത്തിൽ *സംഭവിച്ചതാണ്*, സ്നാനം മുഖാന്തരം നടക്കുന്നതും

അങ്ങനെതന്നെയാണ്.[2]
സ്നാനം, അപ്പോൾ നമ്മെ അവന്റെ മരണത്തോടു ബന്ധപ്പെടുന്നതു കൊണ്ടു യേശുവിനോടു ചേർക്കുകയാണ്.

**ജീവന്റെ പുതുക്കത്തെക്കുറിച്ചു മൂന്നു ചോദ്യങ്ങൾ**

റോമർ 6:1-3 ൽ പൗലൊസ് പുരോഗമിക്കുന്ന മൂന്നു ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. (1) "ആകയാൽ കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ?" (വാക്യം 1); (2) "പാപത്തിൽ മരിച്ച വരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ?" (വാക്യം 2); (3) "ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാ വരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരി ക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?" (വാക്യം 3).

പൗലൊസ് ആദ്യത്തെ ചോദ്യത്തിനു ഉത്തരം നല്കുന്നതു ഈ വിധത്തിലാണ്: "ഒരു നാളും അരുത്!" ഈ പദപ്രയോഗം ഉപയോഗി ച്ചിരിക്കുന്നതിന്റെ സൂചന ക്രിസ്ത്യാനികൾ കൃപ പാപത്തെ മറെക്കും എന്നു കരുതി, പാപത്തിൽ തുടരരുത് എന്നാണ്. പൗലൊസിന്റെ ചോദ്യം അലങ്കാര ശാസ്ത്രമായിരുന്നു; അതിന്റെ ഉത്തരം അവർക്കു അറിഞ്ഞുകൂടാ അതുകൊണ്ടു അവരെ ബോധ്യപ്പെടുത്തുക എന്നതാ യിരുന്നില്ല. മറിച്ചു, അവരോടു ഊന്നിപറയുന്നതിന്റെ കാരണം സ്നാന ത്തെക്കുറിച്ചു അവർക്കു അനുഭവം ഉണ്ടായിരുന്നതുകൊണ്ടാണ്, അവൻ പറയുന്നതു അവർക്കു മനസ്സിലായി കഴിഞ്ഞിരിക്കണം.

പൗലൊസിന്റെ രണ്ടാമത്തെ ചോദ്യത്തിനും അതുപോലെ അതിൽ തന്നെ ഉത്തരമുണ്ട്. നാം പാപസംബന്ധമായി മരിച്ചു എങ്കിൽ നാം പിന്നെ അതിൽ ജീവിക്കയില്ല.

അവന്റെ മൂന്നാമത്തെ ചോദ്യത്തിനു പ്രതികരണമായി, പൗലൊസ് ഉത്തരം പറഞ്ഞതു, അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ - യേശുവിനോടു ചേരുകയും - അപ്പോൾ പാപത്തിൽ നാം മരിക്കുന്നു എന്നാണ് പൗലൊസ് ഉത്തരം നല്കിയത്. ആ മരണ ത്തിൽ നിന്നു നാം ഉയിർത്തെഴുന്നേറ്റതുകൊണ്ടു, നാം ജീവന്റെ പുതു ക്കത്തിൽ നടക്കണം, പാപ പരിശീലനത്തിൽ നിന്നു നാം മോചിതരാ കയും ചെയ്തിരിക്കുന്നു.

"മരിച്ച" തിനാൽ (വാക്യങ്ങൾ 2, 7, 8), "മരിച്ചു" (വാക്യങ്ങൾ 11, 13), "മരണം" (വാക്യം 4), പൗലൊസ് അർത്ഥമാക്കിയതു ഫലം നമ്മുടെ കഴിഞ്ഞ കാല പാപങ്ങൾ നിർത്തി എന്നതാണ്. "മരിച്ചതിനാൽ," "മരി പ്പിക്കുക," "മരിക്കുക," എന്നിവയിൽ പറയുന്നതു മുൻപു നമ്മിൽ പാപ ത്തിന്റെ ശക്തി വാണിരുന്നതു (റോമർ 7:4; ഗലാത്യർ 2:19; കൊലൊ സ്യർ 2:20; 3:3-5; 1 പത്രൊസ് 2:24) നീങ്ങിപോകണം. നാം "പാപസം ബന്ധമായി മരിച്ചു," വാക്യം 2-ൽ പൗലൊസ് എഴുതി. "എപ്പോൾ, എങ്ങനെ അതു സംഭവിച്ചു? അതു അപ്പൊസ്തലർ പറഞ്ഞതനുസ രിച്ചു സ്നാനത്തിലും സ്നാനം മുഖാന്തരവും അതു സംഭവിച്ചു."[3]

നാം പാപസംബന്ധമായി മരിക്കുന്നതിന്റെ ഉദ്ദേശം പാപജീവിതം അവസാനിപ്പിച്ചു, നീതിയുള്ള *ജീവന്റെ പുതുക്കത്തിൽ* നടക്കേണ്ടതി

നാണ് (റോമർ 6:4). നാം സ്നാനം ഏല്ക്കുമ്പോൾ ആത്മിയമായി യേശുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കുകാരാകുന്നു. സ്നാനം മുഖാന്തരം, നാം ഒരു ആത്മിയ നവീകരണത്തിൽ പ്രവേശിക്കുന്നു, അത് യേശു തന്റെ ഉയിർത്തെഴുന്നേല്പിനാൽ ഭൗതികമായ നവീകരണത്തിൽ പ്രവേശിച്ചതുപോലെയാണ് (റോമർ 6:5).

ഈ മാറ്റം സംഭവിക്കുന്നതിന്റെ കാരണം സ്നാനത്തിൽ "നാം നമ്മുടെ പഴയ മനുഷ്യനെ അവനോടു കൂടെ ക്രൂശിക്കയും, നമ്മുടെ പാപശരീരം അവനോടുകൂടെ നീങ്ങേണ്ടതിനും, അതുകൊണ്ടു നാം പിന്നെ പാപത്തിനു അടിമപ്പെടാതിരിക്കയും ചെയ്യുന്നു" (റോമർ 6:6). പൗലൊസ് പറയുന്നതു നമ്മുടെ പഴയ മനുഷ്യ സ്വഭാവം മാത്രം നീങ്ങുന്നു എന്നല്ല, പഴയ മനുഷ്യനെ തന്നെ അവനോടുകൂടെ ക്രൂശിക്കേണം എന്നാണ് പറഞ്ഞിരിക്കുന്നത്. ഫലം "പാപത്തിൽ നിന്നുള്ള മോചനം" ആയിരിക്കണം (റോമർ 6:7). നാം പാപസംബന്ധമായി മരിച്ചതിനാൽ, നാം പാപത്തിന്റെ അടിമത്വത്തിൽ നിന്നു മോചിതരായി, അതായതു പാപത്തിന്റെ ആധിപത്യത്തിൽ നിന്നും, പാപ പരിശീലനത്തിൽ നിന്നും സ്വതന്ത്രരായി. ഇതെല്ലാം സംഭവിക്കുന്നതിന്റെ കാരണം നാം സ്നാനത്തിൽ ആത്മിയമായി യേശുവിനോടുകൂടെ അടക്കപ്പെട്ടു ഉയിർത്തെഴുന്നേല്ക്കുന്നതുകൊണ്ടാണ്.

സ്നാനം എന്ന പ്രവൃത്തികൊണ്ട് മാത്രം സംഭവിക്കുന്നതല്ല, പാപസംബന്ധമായി മരിക്കയും നീതിക്കു ദാസന്മാരാകുകയും ചെയ്യുക എന്നതു, ആ പ്രവൃത്തിയോടൊപ്പം ഹൃദയത്തിന്റെ പ്രതികരണവും ഉണ്ടായതുകൊണ്ടാണ്. "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നു എങ്കിലും, നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതുകൊണ്ടു ദൈവത്തിന്നു സ്തോത്രം" (റോമർ 6:17, 18).

### "ഇനി പാപത്തിനു അടിമപ്പെടുന്നില്ല"
### (6:6, 7)

പാപം ക്ഷമിക്കപ്പെട്ടു എന്ന അർത്ഥത്തിലല്ല പൗലൊസ് ഇവിടെ പാപത്തിൽ നിന്നു മോചിതരാകുന്നു എന്നു പറഞ്ഞത്, പക്ഷെ സ്നാനത്തിൽ ബന്ധപ്പെട്ടിരിക്കുന്ന ഒരനുഗ്രഹമാണ് അത് (പ്രവൃത്തികൾ 2:38; 22:16). റോമർ 6:1-4 ലെ ഉദ്ദേശം അതായിരുന്നു, കാരണം പാപത്തിന്റെ ആധിപത്യത്തിൽ നിന്നും അടിമത്വത്തിൽ നിന്നും നാം മോചിതരായതുകൊണ്ടു, നാം ദൈവകൃപയിൽ ആശ്രയിക്കുന്നതിനാൽ പാപപരിശീലനം തുടരരുത്. ക്രിസ്ത്യാനികൾക്കു പാപത്തിൽ ജീവിക്കുവാൻ സാധ്യമല്ല എന്നല്ല പൗലൊസ് പറയുന്നത്; മറിച്ച്, അവൻ പറയുന്നത് പാപം ചെയ്യുന്നതു നമ്മുടെ പുതിയ ജീവിതത്തിനും പാപത്തിൽ നിന്നുള്ള മോചനത്തിനും എതിരാണ് എന്നത്രേ. നാം യേശുവിനോടു ചേരുവാൻ സ്നാനം ഏറ്റു പാപസംബന്ധമായി മരിച്ചതുകൊണ്ടു നാം ജീവന്റെ പുതുക്കത്തിൽ നടക്കണം. പഴയ മനുഷ്യനെ ക്രൂശിക്കണം; പാപശരീരം നീങ്ങപ്പെട്ടതുകൊണ്ടു നാം ഇനി പാപത്തെ സേവിക്ക

രുത് (റോമർ 6:6).

ഇക്കാരണത്താൽ നാം നമ്മെ "പാപസംബന്ധമായി മരിച്ചവർ എന്നും, ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ" (റോമർ 6:11). പാപം നമ്മുടെ ശരീരങ്ങളെ വാഴുവാൻ ഇനി അനുവദിക്കരുത്, കാരണം നാം പാപത്തെ അനുസരിച്ചാൽ നാം അതിന്റെ അടിമകളാകും (റോമർ 6:12).

നാം പാപത്തിൽ ജീവിച്ചാൽ, നാം പാപത്തിന്റെ ദാസന്മാരാകും (റോമർ 6:16). പാപത്തിന്റെ കർത്തൃത്വത്തിൽ നിന്നും അടിമത്വത്തിൽ നിന്നും നാം സ്വതന്ത്രരായതുകൊണ്ട്, നാം നീതിക്കു ദാസന്മാരായി തീരണം (റോമർ 6:13, 16, 19, 22). കാരണം നാം ന്യായപ്രമാണത്തിനല്ല, കൃപയുടെ ഗുണത്തിനത്രേ അധീനരായിരിക്കുന്നത് (റോമർ 6:15) നാം പാപത്തിൽ *നിന്നു* സ്വാതന്ത്ര്യം പ്രാപിച്ചതു, പാപം *ചെയ്യുവാനുള്ള* സ്വാതന്ത്ര്യത്തിനല്ല. പാപം അടിമപ്പെടുത്തുന്നു; അത് ഒരിക്കലും സ്വാതന്ത്ര്യം തരികയില്ല (യോഹന്നാൻ 8:34). അക്കാരണത്താൽ, നാം ഇനി പാപം ചെയ്യരുത്, നാം തുടർന്നും പാപസംബന്ധമായി മരിച്ചു, നീതിക്കു ജീവിക്കുന്നവരാകണം. നാം പാപത്തിൽ നിന്നു മോചിതരായതു സ്നാനമേറ്റപ്പോൾ നാം ഹൃദയപൂർവ്വം അനുസരിച്ചതുകൊണ്ടാണ് (റോമർ 6:4–6, 17, 18).

**ചുരുക്കം**

നമ്മുടെ പഴയ മനുഷ്യൻ അവസാനിക്കുന്നതും പുതിയ ജീവിതം ആരംഭിക്കുന്നതുമായ പ്രധാന പോയിന്റാണ് സ്നാനം എന്നാണ് പൗലൊസ് പറയുന്നത്. ഇതു നാം ഹൃദയപൂർവ്വം യേശുവിന്റെ അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കുകാരാകുമ്പോൾ സംഭവിക്കുന്നു. അത്തരം മാറ്റം സ്നാനത്തിൽ തന്നെ ഉണ്ടാവുന്നില്ല. എങ്ങനെയായാലും, നാം യേശുവിന്റെ അടക്കത്തോടും ഉയിർത്തെഴുന്നേല്പിനോടും സ്നാനത്തിൽ ബന്ധപ്പെടുമ്പോൾ, പഴയ മനുഷ്യൻ അവസാനിക്കുകയും, പുതിയ ജീവിതം ആരംഭിക്കുന്നതുമായ മാറ്റം സംഭവിക്കുന്നതായി നമുക്ക് അറിയാം.

---

കുറിപ്പുകൾ

[1]ഡഗ്ളസ് ജെ. മൂ, *ദ എപ്പിസിൽ ടു ദ റോമൻസ്*, ദ ന്യൂ ഇന്റർനാഷണൽ കമെന്ററി ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്, ജെന. എഡി. നെഡ് ബി. സ്റ്റോൺഹൗസ്, എഫ്. എഫ്. ബ്രൂസ്, ആന്റ് ജോർഡൺ ഡി. ഫീ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിംഗ് കമ്പനി., 1996), 362. (എംഫസിസ് ഹിസ്.) [2]ആന്റേഴ്സ് നൈഗ്രെൻ, കമെന്ററി ഓൺ റോമൻസ്, ട്രാൻസ്. കാൾ സി. രാസ്മുസ്സെൻ (ഫിലദെൽഫിയ: മാഹ്ലെൻബെർഗ് പ്രസ്സ്, 1949), 233. (എംഫസിസ് ഹിസ്.) [3]ഇബിഡ്., 234.

© 2009 Truth for Today